(സി & ഡി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ ബജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ 3,46,485 റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കർഷകർ സമർപ്പിക്കുന്ന സെയിൽസ് ബില്ലുകൾ റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്കാണ് സബ്സിഡി വിതരണം ചെയ്യുന്നത്. ആയത് പ്രകാരം 10-2-2016 വരെ 3,94,038 സെയിൽസ് ബില്ലുകളിലായി 97.54 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

വിദ്യാർത്ഥികളുടെ ശാസ്ത്ര ഗവേഷണ അഭിരുചി

23 (*173) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കോളേജ് തലങ്ങളിലുള്ള വിദ്യാർത്ഥികളുടെ ശാസ്ത്ര ഗവേഷണ അഭിരുചി വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും സഹായകരമായ എന്തെല്ലാം പ്രവർത്തനങ്ങളാണ് സയൻസ് & ടെക്നോളജി വകുപ്പ് മുഖാന്തരം നടപ്പിലാക്കി വരുന്നത് ;

(ബി) വിദ്യാർത്ഥികളിലെ ശാസ്ത്രാഭിരുചി വളർത്തിയെടുക്കുന്നതിനും അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും ഉതകുന്ന നൂതന പദ്ധതികൾ ആവിഷ്കരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ലബോറട്ടറി സൗകര്യം ഒരുക്കിക്കൊടുക്കുന്നതിനായി ശാസ്ത്രപോഷിണി പദ്ധതി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, പോളിടെക്നിക്, ബിരുദം എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ശാസ്ത്ര വിഷയത്തിൽ പ്രോജക്ടുകൾ ചെയ്യാൻ സഹായിക്കുന്ന സ്പെറ്റിസ് പദ്ധതി (പരമാവധി 15,000 രൂപ) എന്നിവ നടപ്പിലാക്കി വരുന്നു. എല്ലാ വർഷവും ഫെബ്രുവരി 28-ന് ദേശീയ ശാസ്ത്ര ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലുടനീളം സെമിനാർ, സിമ്പോസിയം, ചിത്രരചനാ മത്സരം തുടങ്ങിയവ വിദ്യാർത്ഥികൾക്കുവേണ്ടി നടത്തുന്നു. പോസ്റ്റ് ഡോക്ടർ ഫെലോഷിപ്പിലൂടെ ഡോക്ടർ ഡിഗ്രി കോഴ്സ് കഴിഞ്ഞവർക്ക് തുടർ ഗവേഷണം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നതിനായി സാമ്പത്തിക സഹായം ചെയ്യുന്നു. ശാസ്ത്ര വിഷയങ്ങൾ പഠിക്കുന്നതിന് പ്രഗത്ഭരായ കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിഭാ സ്കോളർഷിപ്പ്, ഗവേഷണത്തിനുള്ള അടിസ്ഥാന സൗകര്യവികസനത്തിനായി സാർഡ് (SARD) പ്രോഗ്രാം എന്നിവയും നടപ്പിലാക്കി വരുന്നു.

(ബി) സൃഷ്ടി എന്ന പുതിയ പദ്ധതി ആരംഭിച്ചു. ഇതുമൂലം വിദ്യാർത്ഥികളുടെ നവീന ആശയങ്ങൾ പരിപോഷിപ്പിക്കുന്നു. സ്കൂൾ കുട്ടികളിൽ ശാസ്ത്ര ഗ്രന്ഥപാരായണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും കൗൺസിൽ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്.

സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത

24 (*174) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത . വർദ്ധിപ്പിക്കുന്നതിനും സത്യസന്ധവും നീതിപൂർവ്വവുമായ പ്രവർത്തനം കാഴ്ച വയ്ക്കുന്നവർക്ക് സർവ്വീസിൽ സംരക്ഷണം നല്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ബി) നികുതി ചോർച്ചയും റവന്യൂ വരുമാന നഷ്ടവും വരാനിടയുള്ള വകുപ്പുകളിലും തസ്തികകളിലും കാര്യക്ഷമതയും സത്യസന്ധതയും ഇല്ലാത്തവരെ നിയോഗിച്ചുവരുന്നത് അവസാനിപ്പിക്കാമോ;

(സി) ഉദ്യോഗസ്ഥരുടെ മനഃപൂർവ്വമായ വീഴ്ചകൾക്കും നീതിന്യായ പ്രക്രിയയെ ദുർബലപ്പെടുത്താനുള്ള പഴുതൊരുക്കിക്കൊടുക്കലിനുമെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അവരുടെ സേവനം ജനങ്ങളിൽ എത്തുന്നതിനും ഇ-ഗവേണൻസ് സംവിധാനം, ഇ-ടെൻഡർ സംവിധാനം മുതലായവ നടപ്പിലാക്കിയിട്ടുണ്ട്. പൗരാവകാശരേഖ, വിവരാവകാശ നിയമം, സേവനാവകാശ നിയമം, ഇ-ഓഫീസ്, ബയോമെട്രിക് പഞ്ചിംഗ്,

LIBRARY ARCHIVES Kerala Legislative Assembly